# സൂറ – 28 / അൽ ഖസ്വസ്വ്

**സൂക്തം: 76 – 77**

അല്ലാഹുവിന്റെ ഔദാര്യങ്ങളിൽ വഞ്ചിതനായി അവൻ നൽകിയ വിഭവങ്ങൾ അവനെതിരായിത്തന്നെ ഉപയോഗിക്കാതിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിന്റെ പരലോകം സുരക്ഷിതമാക്കാനാണ് ഉപയോഗിക്കേണ്ടത്. അല്ലാതെ വിത്തബലത്തിൽ മതിമറന്ന് അധർമങ്ങളനുവർത്തിക്കാനും ദുർബല വിഭാഗങ്ങളെ ദ്രോഹിക്കാനും സമൂഹത്തിൽ ശൈഥില്യമുണ്ടാക്കി അതിക്രമങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കാനുമല്ല ഉപയോഗിക്കേണ്ടത്.



إِنَّ قَارُونَ كَانَ مِن قَوْمِ مُوسَىٰ فَبَغَىٰ عَلَيْهِمْ ۖ وَآتَيْنَاهُ مِنَ
الْكُنُوزِ مَا إِنَّ مَفَاتِحَهُ لَتَنُوءُ بِالْعُصْبَةِ أُولِي الْقُوَّةِ إِذْ قَالَ لَهُ
قَوْمُهُ لَا تَفْرَحْ ۖ إِنَّ اللَّهَ لَا يُحِبُّ الْفَرِحِينَ ﴿٧٦﴾

76. കേൾക്കുവിൻ, മൂസായുടെ ജനത്തിൽ പെട്ടവനായിരുന്നു ഖാറൂൻ. പക്ഷേ ആ ജനത്തിനെതിരെ അവൻ ധിക്കാര നടപടികൾ കൈക്കൊണ്ടു. നാം അവന് പെരുത്തു ഖജനാവുകൾ നൽകി. അവയുടെ താക്കോൽ ചുമക്കാൻ പോലും ഒരു പറ്റം ബലിഷ്ഠരായ മല്ലന്മാർ ക്ലേശിച്ചിരുന്നു. അവന്റെ ജനം അവരോട് പറഞ്ഞതോർക്കുക: മതിമറന്നു പുളക്കേണ്ട. മതിമറന്നു പുളക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നില്ല.

وَابْتَغِ فِيمَا آتَاكَ اللَّهُ الدَّارَ الْآخِرَةَ ۖ وَلَا تَنسَ نَصِيبَكَ مِنَ
الدُّنْيَا ۖ وَأَحْسِن كَمَا أَحْسَنَ اللَّهُ إِلَيْكَ ۖ وَلَا تَبْغِ الْفَسَادَ فِي
الْأَرْضِ ۖ إِنَّ اللَّهَ لَا يُحِبُّ الْمُفْسِدِينَ ﴿٧٧﴾

77. അല്ലാഹു നിനക്ക് തന്നിട്ടുള്ള വിത്തം കൊണ്ട് പരലോക ഗേഹം തേടുക. ഭൗതിക ജീവിതത്തിൽ നിന്റെ വിഹിതം മറന്നുകളയുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതുപോലെ നീ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് നന്മ ചെയ്യുക. ഭൂമിയിൽ നാശം സൃഷ്ടിക്കാൻ ശ്രമിക്കരുത്. നാശകാരികളെ അല്ലാഹു സ്നേഹിക്കുന്നില്ല.

**76,77**

إِنَّ قَارُونَ= തീർച്ചയായും ഖാറൂൻ (കേൾക്കുവിൻ) كَانَ مِن قَوْمِ مُوسَىٰ= മൂസായുടെ ജനത്തിൽ പെട്ടവനായിരുന്നു
فَبَغَىٰ عَلَيْهِمْ = എന്നിട്ട് (പക്ഷേ) അവൻ അവർക്ക് (ആ ജനത്തിന്) എതിരെ അതിക്രമം ചെയ്തു (ധിക്കാര നടപടികൾ കൈക്കൊണ്ടു)
وَآتَيْنَاهُ= നാം അവന്നു നൽകി مِنَ الْكُنُوزِ= (പെരുത്ത്) ഖജനാവുകളാൽ مَا إِنَّ مَفَاتِحَهُ= അതിന്റെ താക്കോലുകൾ
لَتَنُوءُ بِالْعُصْبَةِ= ഒരു പറ്റത്തെ (പറ്റം മല്ലന്മാർ ക്ലേശിച്ചിരുന്നു) ക്ലേശിപ്പിച്ചിരുന്നു أُولِي الْقُوَّةِ = ശക്തിയുള്ളവരായ (ബലിഷ്ഠരായ)
إِذْ قَالَ لَهُ قَوْمُهُ= അവന്റെ ജനം അവനോടു പറഞ്ഞതോർക്കുക لَا تَفْرَحْ= നീ സന്തോഷിക്കരുത് (മതിമറന്നു പുളക്കേണ്ട)
إِنَّ اللَّهَ لَا يُحِبُّ الْفَرِحِينَ= അല്ലാഹു സ്നേഹിക്കുന്നില്ല സന്തോഷിക്കുന്നവരെ (മതിമറന്ന് പുളക്കുന്നവരെ)

وَابْتَغِ= നീ തേടുക, ആഗ്രഹിക്കുക, ശ്രമിക്കുക فِيمَا آتَاكَ اللَّهُ= അല്ലാഹു നിനക്കു തന്നിട്ടുള്ളതിൽ(ട്ടുള്ള വിത്തം കൊണ്ട്)
الدَّارَ الْآخِرَةَ= പാരത്രിക ഗേഹത്തെ وَلَا تَنسَ = നീ മറന്നുകളയുകയും വേണ്ട
نَصِيبَكَ مِنَ الدُّنْيَا= ഇഹത്തിൽ (ഭൗതിക ജീവിതത്തിൽ)നിന്ന് നിന്റെ വിഹിതം
وَأَحْسِن= നീ നന്മ ചെയ്യുക (അല്ലാഹുവിന്റെ സൃഷ്ടികൾക്ക്) كَمَا أَحْسَنَ اللَّهُ إِلَيْكَ= അല്ലാഹു നിനക്ക് നന്മ ചെയ്തതുപോലെ
وَلَا تَبْغِ= നീ തേടരുത്, ശ്രമിക്കരുത്, ആഗ്രഹിക്കരുത് الْفَسَادَ فِي الْأَرْضِ= ഭൂമിയിൽ നാശത്തെ (നാശം സൃഷ്ടിക്കാൻ)
إِنَّ اللَّهَ = തീർച്ചയായും അല്ലാഹു لَا يُحِبُّ الْمُفْسِدِينَ= നാശകാരികളെ സ്നേഹിക്കുന്നില്ല

മുഹമ്മദ് നബിയെ പിന്തുടരുന്നത് തങ്ങളുടെ സാമ്പത്തിക വികാസത്തിനും ദേശീയ സുരക്ഷക്കും ഹാനികരമാകും എന്ന് മക്കയിലെ അവിശ്വാസികളുടെ വാദത്തെക്കുറിച്ചാണ ല്ലോ നേരത്തേ സംസാരിച്ചത്. ആ ആശങ്ക അസ്ഥാനത്താണ്, കാർഷിക വിഭവങ്ങളൊന്നും വിളയാത്ത ഊഷരമായ മക്കാ മരുഭൂമിയിൽ സഹസ്രാബ്ദങ്ങളായി ഇസ്മാഈൽ വംശത്തെ സംരക്ഷിച്ചു പാലിച്ചുവരുന്നത് അവരുടെ അധ്വാനവും ആസൂത്രണവുമല്ല, അല്ലാഹുവിന്റെ അളവറ്റ കാരുണ്യം കൂടിയാണ്. ആ കാരുണ്യം ലഭിക്കുന്നിടത്തോളം അവരെ ആർക്കും നശിപ്പിക്കാനാവില്ല. സമ്പത്തും സൗഭാഗ്യങ്ങളും അന്യായമായും അധാർമികമായും കൈകാര്യം ചെയ്യുന്നവരെ ഒരു പരിധി കഴിഞ്ഞാൽ അല്ലാഹു ഈ ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്തുകളയും. ചരിത്രത്തിൽ അതിനു എത്രയോ ഉദാഹരണങ്ങൾ കാണാം. ആ ജനതകൾ തങ്ങളുടെ രക്ഷകരെന്ന് ഊറ്റം കൊണ്ടിരുന്ന വിഗ്രഹങ്ങളും ആചാര്യന്മാരും തത്ത്വശാസ്ത്രങ്ങളുമൊന്നും അവരെ രക്ഷിക്കാനെത്തുകയുണ്ടായില്ല. തുടർന്ന് പ്രസിദ്ധമായ ഒരു ഉദാഹരണം കൂടി പറയുകയാണ്:

ഖാറൂൻ എന്ന് ഖുർആൻ വിളിക്കുന്നത് ബൈബിൾ കോറഹ് എന്ന് വിളിക്കുന്ന പ്രമാണിയും ധനാഢ്യനുമാണെന്ന കാര്യത്തിൽ ഏതാണ്ട് എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും യോജിച്ചിരിക്കുന്നു. മൂസാ(അ)യുടെ അടുത്ത ബന്ധുവും സമകാലീനനുമായിരുന്നു ഇയാൾ. യഅ്ഖൂബിന്റെ പുത്രൻ ലാവിയുടെ പുത്രൻ ഖഹാതിന്റെ പുത്രൻ യസ്ഗാറിന്റെ പുത്രൻ കോറഹ് എന്നാണ് ബൈബിൾ പ്രസ്താവിച്ച വംശാവലി. യഅ്ഖൂബിന്റെ പുത്രൻ ലാവിയുടെ പുത്രൻ ഖഹാതിന്റെ പുത്രൻ ഇംറാന്റെ പുത്രനാണ് മൂസാ (അ). ഇതനുസരിച്ച് മൂസാ(അ)യുടെ പിതൃവ്യ പുത്രനാണ് ഖാറൂൻ. സമ്പന്നനും ബുദ്ധിമാനുമായ അയാൾ സമുദായത്തിൽ പ്രമാണിയായിരുന്നു. ഈ പ്രമാണിത്തവും സാമ്പത്തിക ശേഷിയും അയാളെ ദൈവഭക്തനും വിനീതനുമാക്കുന്നതിനു പകരം അഹങ്കാരിയും സ്വേഛാപ്രമത്തനുമാക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ ഖുറൈശി വർത്തക പ്രമാണിമാർ മക്കയിലെ ഖാറൂന്മാരായിരുന്നതുകൊണ്ടാണ് ഈ സന്ദർഭത്തിൽ ഇയാളെ പ്രത്യേകം ഉദാഹരിക്കുന്നത്. ഖാറൂനിലെന്ന പോലെ ധാർഷ്ട്യവും ധിക്കാരവും സത്യവിരോധവും അബൂലഹബിലും അബൂസുഫ്‌യാനിലും സവിശേഷം പ്രകടമായിരുന്നതായി ഖുർആൻ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടുന്നു. ഖാറൂൻ മൂസാ നബിയുടെ എന്ന പോലെ ഇപ്പറഞ്ഞവർ മുഹമ്മദ് നബിയുടെയും അടുത്ത ബന്ധുക്കളായിരുന്നുവല്ലോ. മൂസാ നബിയുടെ രംഗപ്രവേശത്തിനു മുമ്പ് ഖാറൂൻ ഇസ്രാഈല്യരുടെ നേതാവായിരുന്നു. ഇസ്രാഈല്യരുടെ തലവനായി ഫറവോൻ അയാളെ അംഗീകരിച്ചിരുന്നു. ഇതിനിടയിൽ മൂസാ(അ)യുടെ ആഗമനം ഖാറൂന് തീരെ രസിച്ചില്ല. ഒന്നാമതായി അയാളുടെ പ്രമാണിത്തത്തിനും നേതൃത്വത്തിനും അത് ഹാനികരമാണ്. പ്രവാചകത്വവും ദീനീനേതൃത്വവും തന്റെ പിതൃവ്യ പുത്രന്മാരിൽ കേന്ദ്രീകരിക്കുകയും ലാവി വംശത്തിന്റെ തന്നെ മറ്റൊരു ശാഖയിൽ പിറന്ന തനിക്ക് അത്തരം പദവികളൊന്നും ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഖാറൂന്ന് സഹ്യമായിരുന്നില്ല. മുതലാളിമാർ പൊതുവിൽ സാമാന്യജനങ്ങളുടെ മർദകരും ചൂഷകരുമായിരിക്കുമല്ലോ. മൂസാ(അ) ഖാറൂന്റെ മർദനത്തെയും ചൂഷണത്തെയും എതിർക്കുന്നുവെന്നതും അയാളെ ക്ഷുഭിതനാക്കിയിരുന്നു. അയാൾ നടത്തിവന്ന ചൂഷണത്തെയും മർദനത്തെയുമാണ് فَبَغَىٰ عَلَيْهِمْ എന്ന വാക്കിലൂടെ പ്രകടിപ്പിക്കുന്നത്. بَغَىٰ -ൽനിന്നുള്ള ക്രിയയാണ് بَغَىٰ. *അൽഅഅ്റാഫ്* 33-ാം സൂക്തത്തിനു താഴെ ഖുർആൻ ബോധനം بَغَىٰ -ന്റെ അർഥം വിശദീകരിച്ചിരിക്കുന്നു.

ഖാറൂന് മൂസാ(അ)യുടെ ആഗമനം ഇഷ്ടമായില്ലെങ്കിലും ഇസ്രാഈല്യരുടെ മോചനം എന്ന അദ്ദേഹത്തിന്റെ ദൗത്യത്തെ തള്ളിപ്പറയാനാകുമായിരുന്നില്ല. ഇസ്രാഈല്യർ ഒന്നടങ്കം ഈജിപ്ത് വിട്ടപ്പോൾ അവരോടൊപ്പം മറ്റു പല കപട വിശ്വാസികളെയും പോലെ ഖാറൂനും പലായനം ചെയ്തു. ഇസ്രാഈല്യർ ചെങ്കടൽ കടന്ന് സീനാ മരുഭൂമിയിലെത്തിയ ശേഷം രംഗപ്രവേശം ചെയ്ത രണ്ട് പ്രതിവിപ്ലവകാരികളിലൊരാളായിരുന്നു ഖാറൂൻ. സാമിരിയായിരുന്നു അപരൻ. സാമിരിയുടെ കഥ നേരത്തേ സൂറ *ത്വാഹാ*യിൽ പരാമർശിച്ചിട്ടുണ്ട്. ഫറവോനെയും ഹാമാനെയും പോലെ മൂസാ(അ)യുടെ മുഖ്യ നിയോഗ ലക്ഷ്യങ്ങളിലൊന്നായിരുന്നു ഖാറൂൻ എന്നു സൂചിപ്പിച്ചുകൊണ്ട് 40: 23,24-ൽ പറയുന്നു:

وَلَقَدْ أَرْسَلْنَا مُوسَىٰ بِآيَاتِنَا وَسُلْطَانٍ مُّبِينٍ ﴿٢٣﴾ إِلَىٰ فِرْعَوْنَ وَهَامَانَ وَقَارُونَ فَقَالُوا سَاحِرٌ كَذَّابٌ ﴿٢٤﴾

(മൂസായെ നാം ദൃഷ്ടാന്തങ്ങളും തെളിഞ്ഞ പ്രമാണങ്ങളുമായി ഫറവോനിലേക്കും ഹാമാനിലേക്കും ഖാറൂനിലേക്കും അയച്ചു. അപ്പോൾ അവർ ഘോഷിച്ചു: ഇവനൊരു പെരുങ്കള്ളനായ ആഭിചാരകനാകുന്നു). 29:39-ൽ അറിഞ്ഞുകൊണ്ട് ഗർവിഷ്ഠരായി സത്യനിഷേധം കൈക്കൊണ്ടതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടതിനുള്ള ഉദാഹരണങ്ങളുടെ കൂട്ടത്തിലും ഖാറൂനെ ചൂണ്ടിക്കാണിച്ചിരിക്കുന്നു:

وَقَارُونَ وَفِرْعَوْنَ وَهَامَانَ ۖ وَلَقَدْ جَاءَهُم مُّوسَىٰ بِالْبَيِّنَاتِ فَاسْتَكْبَرُوا فِي الْأَرْضِ وَمَا كَانُوا سَابِقِينَ

(ഖാറൂനെയും ഫറവോനെയും ഹാമാനെയും നാം ശിക്ഷിച്ചു. ദൃഷ്ടാന്തങ്ങളുമായി മൂസാ അവരിൽ ആഗതനായിരുന്നു. പക്ഷേ ഭൂമിയിൽ അവർ അഹങ്കരിച്ചു. അവരാരും നമ്മെ മറികടക്കുന്നവരായിരുന്നില്ല).

മൂസാ-ഹാറൂന്മാരുടെ പ്രവാചകത്വത്തോടും സമുദായ നേതൃത്വത്തോടുമുള്ള കൊടിയ വിരോധമാണ് ഖാറൂനെ പ്രതിവിപ്ലവകാരിയാക്കിയതെന്ന് ബൈബിൾ വ്യക്തമാക്കുന്നു: ''ലേവിയുടെ പുത്രനായ കഹാതിന്റെ പുത്രനായ യിസ്ഹാറിന്റെ പുത്രൻ കോറഹും റൂബേൻ ഗോത്രത്തിൽപെട്ട ഏലിയാബിന്റെ പുത്രന്മാരായ ദാത്താനും അബിറാമും പെലേതിന്റെ പുത്രനായ ഓനും ആളുകളെ ശേഖരിച്ചു. ഇസ്രയേൽ സഭയിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട സമൂഹ നായകരും പ്രശസ്തരുമായ ഇരുനൂറ്റമ്പതു പേരോടുകൂടി അവർ മോശെയെ എതിർത്തു. അവർ മോശക്കും അഹ്രോന്നും എതിരായി സംഘടിച്ച് അവരോടു പറഞ്ഞു: നിങ്ങൾ കുറേ ഏറിപ്പോകുന്നു. സമൂഹം ഒന്നൊഴിയാതെ മുഴുവൻ വിശുദ്ധമാണ്. അവരുടെ ഇടയിൽ കർത്താവ് ഉണ്ട്. അതുകൊണ്ട് കർത്താവിന്റെ സഭക്കു മീതെ നിങ്ങൾ സ്വയം ഉയർത്തുന്നത് എന്തിന്?... മരുഭൂമിയിൽ വെച്ച് ഞങ്ങളെ കൊല്ലാൻ പാലും തേനും ഒഴുകുന്ന ദേശത്തുനിന്ന് ഞങ്ങളെ കൂട്ടിക്കൊണ്ടുവന്നു. അതു പോരാഞ്ഞിട്ട് ഒരു പ്രഭുവായി നീ സ്വയം ചമയുന്നു. ഇത് നിസ്സാര കാര്യമാണോ?....'' (സംഖ്യ പുസ്തകം 16: 1-3, .... 13).

ഖാറൂൻ വലിയ ധനാഢ്യനായിരുന്നു. നാം അവനു ഖജനാവുകൾ നൽകി- وَآتَيْنَاهُ مِنَ الْكُنُوزِ എന്നാണ് മൂലവാക്യം. ഖാറൂന്റെ വിത്തം അയാൾ സ്വന്തം കഴിവുകൊണ്ടു മാത്രം നേടിയതല്ല. അല്ലാഹു അയാളെ സമ്പത്തുകൊണ്ട് അനുഗ്രഹിക്കുകയായിരുന്നുവെന്നാണിതിന്റെ ധ്വനി. അയാളുടെ ഖജനാവുകളുടെ താക്കോലുകൾ ചുമക്കാൻ ഊക്കന്മാരായ ഒരു പറ്റം മല്ലന്മാർ തന്നെ വിഷമിച്ചിരുന്നു. مفتاح (താക്കോൽ) ന്റെ ബഹുവചനമാണ് مفاتح. ഇത് مفتح -ന്റെ ബഹുവചനമാണെന്നും مفتاح -ന്റെ ബഹുവചനം مفاتيح ആണെന്നും അഭിപ്രായപ്പെട്ട ഭാഷാ പണ്ഡിതന്മാരുണ്ട്. مفتح-ഉം مفتاح പോലെ തുറക്കുന്ന ഉപകരണമാണെങ്കിലും അത് ഖജനാവ്, ധനം സൂക്ഷിക്കുന്ന സ്ഥലം എന്ന അർഥത്തിലും ഉപയോഗിക്കും. ഇവിടെ كنوز -നോട് അനുബന്ധിച്ചു വന്നതിനാൽ ഉദ്ദേശ്യം താക്കോൽ തന്നെയാണെന്ന് മനസ്സിലാക്കാം. ഖാറൂന്റെ ഖജനാവുകളുടെ താക്കോലുകൾ ചുമക്കാൻ ഒരു പറ്റം മല്ലന്മാർ തന്നെ വിഷമിച്ചിരുന്നുവെന്ന് പറയുന്നതിൽനിന്ന് ഖാറൂന്റെ സമ്പന്നതയുടെ വൈപുല്യം വ്യക്തമാകുന്നു. ناء -ൽനിന്നുള്ള ക്രിയയാണ് تنوء. അകന്നു ദൂരേക്കു മാറി, വശത്തേക്ക് മാറി എന്നൊക്കെയാണ് نأى -യുടെ മൗലികമായ അർഥം. نأى بالحمل എന്നാൽ ഭാരം പേറാനാവാതെ വീണു എന്നും نأى به الحمل എന്നാൽ ദുർവഹമായ ഭാരത്താൽ കഴുത്തു ഞെരിഞ്ഞു എന്നുമാണർഥം. പത്തിൽ താഴെ അംഗങ്ങളുള്ള സംഘമാണ് عصبة. ഖാറൂന്റെ താക്കോലുകൾ ചുമക്കാൻ പത്തോളം ബലിഷ്ഠരായ ആളുകൾ ഏറെ ക്ലേശിച്ചിരുന്നുവെന്നാണ് مَا إِنَّ مَفَاتِحَهُ لَتَنُوءُ بِالْعُصْبَةِ أُولِي الْقُوَّةِ എന്ന വാക്യത്തിന്റെ താൽപര്യം. താക്കോൽ ചുമക്കുന്ന മഹാ മല്ലന്മാരുടെ പിടലി ഞെരിയുക എന്നത് ഒരതിശയോക്തി പ്രയോഗമല്ല. പഴയകാലത്ത് ഇന്നത്തെപ്പോലെ സേഫുകളിലും ഷെൽഫുകളിലും മേശകളിലുമൊന്നുമായിരുന്നില്ല ധനം സൂക്ഷിച്ചിരുന്നത്. വലിയ ഭണ്ഡാരങ്ങളായിരുന്നു ഖജനാവുകൾ. അതിന്റെ പൂട്ടുകൾ ഇന്നത്തെപ്പോലെയുള്ള ചെറു താഴുകളോ ആമപ്പൂട്ടുകളോ ആയിരുന്നില്ല. ഭാരിച്ച ലോഹപ്പട്ടകളും ദണ്ഡുകളുമുപയോഗിച്ചായിരുന്നു അവ പൂട്ടിയിരുന്നത്. ഇന്നും നിലനിൽക്കുന്ന പൗരാണിക കോട്ടവാതിലുകളും അവയുടെ പൂട്ടുകളും കണ്ടാൽ അത് മനസ്സിലാക്കാം. തുറക്കാനും പൂട്ടാനുമൊക്കെ ഒന്നിലധികം ആളുകൾ വേണ്ടിവരും. ഭണ്ഡാരത്തിന്റെ വലിപ്പവും ഭാരവും കൂടുംതോറും അത് തുറക്കാനും പൂട്ടാനുമൊക്കെ കൂടുതൽ ആളുകൾ ആവശ്യമായി വരും. ഖാറൂന്റെ താക്കോൽ ചുമക്കാൻ തന്നെ അനേകം മല്ലന്മാർ ക്ലേശിക്കുന്നുവെങ്കിൽ അയാളുടെ ഖജനാവുകൾ ചുമക്കാൻ അതിനേക്കാൾ എത്രയോ അധികമാളുകൾ വേണ്ടിവരുമല്ലോ.

ഖാറൂൻ തന്റെ സാമ്പത്തിക പ്രൗഢി പ്രദർശിപ്പിക്കാനും അതുവഴി മൂസാ-ഹാറൂന്മാർക്കെതിരെ സംഘടിപ്പിക്കുന്ന ഗ്രൂപ്പിലേക്ക് ആളുകളെ ആകർഷിക്കാനും ഇടക്കിടെ അനേകം ഭൃത്യന്മാർ ക്ലേശിച്ച്, പേറുന്ന ഭണ്ഡാരങ്ങളുമായി പൊതുനിരത്തുകളിൽ നടക്കുമായിരുന്നു. അതു കണ്ട് അൽപന്മാർ അയാളുടെ സൗഭാഗ്യത്തിൽ കൊതികൊള്ളുകയും അയാളുടെ പ്രീതി നേടി അതിൽ പങ്കു പറ്റാൻ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ ഇസ്രായേൽ സമൂഹം മൊത്തത്തിൽ മൂസാ നബിയുടെ അനുയായികളായിരുന്നുവല്ലോ. യഥാർഥ സത്യവിശ്വാസികളായ, വിവരവും വിവേകവുമുള്ള ആളുകളായിരുന്നു അവരെ നയിച്ചിരുന്നത്. തങ്ങളുടെ സമുദായത്തെ പ്രതിനിധീകരിച്ചുകൊണ്ട് അത്തരം നേതാക്കളാണ് ഖാറൂനെ ഉപദേശിച്ചത്. അവർ പൊതുസമൂഹത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ടാണ് അവരുടെ ഉപദേശത്തെ അവന്റെ സമുദായത്തിന്റെ ഉപദേശ-قَالَ لَهُ قَوْمُهُ-മായി പറഞ്ഞത്. ഉപദേശം ഇതായിരുന്നു: സഹോദരാ, അധികം പുളക്കണ്ട. മതിമറന്നു പുളക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നില്ല. لَا تَفْرَحْ എന്ന ക്രിയാപദം فرح-യിൽനിന്നുള്ളതാണ്. ആഹ്ലാദവും പുളകവുമാണ് فرح. സാധാരണ ആഹ്ലാദത്തിനും ആമോദത്തിനും പുറമെ ഗർവും അഹന്തയും കലർന്ന പുളപ്പ് എന്ന ഒരാശയവും അതുൾക്കൊള്ളുന്നുണ്ട്. فرح -യുടെ ബഹുവചന കർതൃപദമാണ് فرحون. അഹന്തയോടെ മതിമറന്നു പുളക്കുന്നവരെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നില്ല എന്നു പറയുന്നത്. അല്ലാഹുവിന്റെ ഔദാര്യങ്ങളിൽ വഞ്ചിതനായി അവൻ നൽകിയ വിഭവങ്ങൾ അവനെതിരായിത്തന്നെ ഉപയോഗിക്കാതിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിന്റെ പരലോകം സുരക്ഷിതമാക്കാനാണ് ഉപയോഗിക്കേണ്ടത്. അല്ലാതെ വിത്തബലത്തിൽ മതിമറന്ന് അധർമങ്ങളനുവർത്തിക്കാനും ദുർബല വിഭാഗങ്ങളെ ദ്രോഹിക്കാനും സമൂഹത്തിൽ ശൈഥില്യമുണ്ടാക്കി അതിക്രമങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കാനുമല്ല ഉപയോഗിക്കേണ്ടത്. നിനക്ക് കൈവന്നിട്ടുള്ള മഹാ സമ്പത്ത് നിന്റെ പിതാവിന്റെയോ പൂർവപിതാവിന്റെയോ അനന്തരാവകാശമായി കൈവന്നിട്ടുള്ളതല്ല. നിന്റെ യോഗ്യതയുടെയും അർഹതയുടെയും ഫലവുമല്ല. എല്ലാം അല്ലാഹുവിന്റെ ദാനമാണ്. അല്ലാഹു അത് നിനക്കു തന്നിട്ട് നിന്നെ പരീക്ഷിക്കുകയാണ്; നീയത് ദാതാവിന്റെ പ്രീതിക്കൊത്ത് കൈകാര്യം ചെയ്യുന്നുവോ, അതല്ല അതിനെത്തന്നെ ദൈവമാക്കി പൂജിക്കുന്നവോ എന്ന്.

ഏറെ ശ്രദ്ധേയമായ ഉപദേശമാണ് وَلَا تَنسَ نَصِيبَكَ مِنَ الدُّنْيَا. ദൈവാനുഗ്രഹങ്ങൾ പരലോക നേട്ടത്തിനു വേണ്ടി ഉപയോഗിക്കണമെന്ന് പറയുമ്പോൾ ഇഹലോക സൗഖ്യത്തിനു വേണ്ടി ഒന്നും ഉപയോഗിച്ചുകൂടാ എന്ന് അർഥമാക്കരുത്. ഈ ഭൗതിക ജീവിതത്തിലും അല്ലാഹു നിങ്ങൾക്ക് ചില സന്തോഷങ്ങളും സുഖസൗഭാഗ്യങ്ങളും നിശ്ചയിച്ചിട്ടുണ്ട്. നിങ്ങൾക്കും കുടുംബത്തിനും നല്ല ഭക്ഷണം, നല്ല വസ്ത്രം, നല്ല പാർപ്പിടം, മിതമായ അലങ്കാരങ്ങൾ, രസാനുഭൂതികൾ എല്ലാം അല്ലാഹു ഭൗതിക ജീവിതത്തിന് അനുവദിച്ചുതന്നിട്ടുള്ള സൗഭാഗ്യ വിഹിതമാണ്. അവയൊന്നും ത്യജിക്കേണ്ട കാര്യമില്ല. വിഹിതമായ ഭൗതിക സുഖങ്ങൾ വർജിക്കുക ആത്മീയ നേട്ടങ്ങൾക്കു വേണ്ടിയുള്ള പ്രയത്നത്തിന്റെ ഭാഗമാകുന്നില്ല. ന്യായമായ മാർഗങ്ങളിലൂടെ അനുവദനീയമായ ഭൗതിക സുഖങ്ങൾ നേടുന്നതും പാരത്രിക നേട്ടങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പെടുന്നു. ദുൻയാവിൽനിന്നുള്ള വിഹിതം- نَصِيبٌ مِنَ الدُّنْيَا എന്നതുകൊണ്ടുദ്ദേശ്യം ഭൗതിക സുഖഭോഗങ്ങളിൽനിന്ന് വിധിക്കപ്പെട്ടിട്ടുള്ളതാണ്. نَصِيبَ الدُّنْيَا എന്നോ نَصِيبٌ مِنَ الدُّنْيَا എന്നോ ദുൻയാവിൽനിന്നുള്ള വിഹിതം, ദുൻയാവിന്റെ വിഹിതം എന്നോ പറയാതെ ദുൻയാവിൽനിന്നുള്ള നിന്റെ വിഹിതം نَصِيبَكَ مِنَ الدُّنْيَا എന്നു പറഞ്ഞതിൽ ന്യായമായ ഭൗതിക സുഖഭോഗങ്ങൾ ദൈവദാസന്റെ അവകാശത്തിലും ഉടമസ്ഥതയിലും പെട്ടതാണെന്ന ആശയം കൂടിയുണ്ട്. സത്യവിശ്വാസികൾക്ക് ഏറ്റം യോജിച്ചതായി ഖുർആൻ പഠിപ്പിക്കുന്ന പ്രാർഥനകളിലൊന്ന് رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً ...... (നാഥാ, ഞങ്ങൾക്ക് ഈ ലോകത്ത് നന്മയരുളേണമേ, പരലോകത്തും നന്മയരുളേണമേ.....) എന്നാണ്. ഇബ്നു ഉമർ (റ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെടുന്നു: ''കാലാകാലം ജീവിച്ചിരിക്കേണ്ടവനാണ് എന്ന മട്ടിൽ നിന്റെ ഇഹലോകത്തിനു വേണ്ടി പ്രയത്നിക്കുക. നാളെ മരിച്ചുപോകുന്നവനാണ് എന്ന മട്ടിൽ നിന്റെ പരലോകത്തിനു വേണ്ടി പ്രവർത്തിക്കുക.''

ഈ വാക്യത്തിന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ നൽകിയിട്ടുള്ള വ്യാഖ്യാനം ഇതാണ്. ഇതിനോട് വിയോജിച്ചുകൊണ്ട് മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹി വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: ''ഈ ലോകത്ത് എല്ലാ വിഭവങ്ങളും വന്നും പോയും കൊണ്ടിരിക്കുകയാണ്. ഒന്നും സ്ഥിരമായി നിലനിൽക്കുന്നില്ല. ഇന്ന് നിങ്ങൾ ദൈവിക മാർഗത്തിൽ ചെലവഴിക്കുന്നത് മാത്രമേ നിങ്ങളുടെ പാരത്രിക ജ ീവിതത്തിൽ പ്രയോജനപ്പെടൂ. ദൈവത്തിന്റെയും അവന്റെ അടിമകളുടെയും അവകാശങ്ങൾക്കു നേരെ കണ്ണടച്ചുകൊണ്ട് നിങ്ങൾ സ്വർണത്തിന്റെയും വെള്ളിയുടെയും പൂജകരാവുകയാണെങ്കിൽ നന്നായി ഓർത്തിരിക്കുക, അതുവഴി മഹാ നാശമല്ലാതെ യാതൊന്നും നേടാനാവില്ല.'' ഇപ്പറഞ്ഞ കാര്യം അതിന്റെ സ്ഥാനത്ത് ശരിയാണെങ്കിലും അത് പ്രകൃത വാക്യത്തിന്റെ വ്യാഖ്യാനമായിരിക്കാൻ ന്യായം കാണുന്നില്ല.

അല്ലാഹു നിന്നോട് നന്മ ചെയ്തിട്ടുള്ളതുപോലെ നീ മറ്റുള്ളവരോടും നന്മ ചെയ്യുക എന്നാണ് വിവേകശാലികളുടെ മറ്റൊരു ഉപദേശം. അല്ലാഹു നിന്നോട് നന്മ ചെയ്തപോലെ നീയും നന്മ ചെയ്യുക. وَأَحْسِن كَمَا أَحْسَنَ اللَّهُ إِلَيْكَ എന്നാണ് മൂലവാക്യം. നീ ആരോടാണ് നന്മ ചെയ്യേണ്ടതെന്ന് അതിൽ വ്യക്തമാക്കിയിട്ടില്ല. أَحْسَنَ -ന്റെ ശേഷം إلى اللهَ -അല്ലാഹുവിന്- എന്നും സങ്കൽപിക്കാവുന്നതാണ്. അപ്പോഴും അല്ലാഹുവിന്റെ സൃഷ്ടികൾക്ക് നന്മ ചെയ്യുക എന്നുതന്നെയാകും ഫലത്തിൽ അർഥം. അല്ലാഹുവിന് സൃഷ്ടികളുടെ ഔദാര്യമോ സഹായമോ ആവശ്യമില്ലല്ലോ. സൃഷ്ടികൾ സ്രഷ്ടാവിനോടടുക്കുന്നത് സൃഷ്ടികളോടുള്ള നല്ല പെരുമാറ്റത്തിലൂടെയാണ്. തന്റെ സദ്ഗുണങ്ങൾ തന്നെ അടിമകളിലും പ്രതിഫലിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. സദാ നന്മ ചെയ്തുകൊണ്ടിരിക്കുന്ന അല്ലാഹു ആരോടും ഒരു നന്മയും ചെയ്യാത്ത സങ്കുചിതമനസ്കരെ ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

മുകളിൽ പറഞ്ഞ ഉപദേശങ്ങളുടെ നിഷേധാത്മക രൂപത്തിലുള്ള വിശദീകരണമാണ് وَلَا تَبْغِ...... الْمُفْسِدِينَ എന്ന വാക്യം. ഭൂമിയിൽ നാശം സൃഷ്ടിക്കുകയെന്നാൽ കലാപവും കൊള്ളയും കൊലയും കവർച്ചയും മാത്രമല്ല. മനുഷ്യന്റെ പാവനവും വികസ്വരവുമായ ജീവിതക്രമത്തിനു വിഘാതമാകുന്ന ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളും ഭൂമിയുടെ പ്രകൃതിക്കും പരിസ്ഥിതിക്കും ഹാനികരമാകുന്ന നടപടികളും ഭൂമിയിൽ നാശം സൃഷ്ടിക്കൽ - فَسَادَ فِي الْأَرْضِ- ആകുന്നു. ഈ നാശത്തിന്റെ അടിസ്ഥാന പ്രചോദനം മനുഷ്യന്റെ ഔദ്ധത്യവും അഹന്തയും ആർത്തിയുമാകുന്നു. മനുഷ്യൻ തന്റെ അടിമത്തത്തിന്റെ അതിർത്തി ലംഘിച്ച് അല്ലാഹുവിന്റെ അവകാശങ്ങളുടെ മേഖലയിലേക്ക് കടന്നുകയറാൻ ശ്രമിക്കുക. എത്ര ബുദ്ധിപൂർവം ചെയ്താലും ഇത് ഭൂമിയിൽ നാശം സൃഷ്ടിക്കലാകുന്നു. അല്ലാഹുവിന്റെ അധികാര പരിധിയിലേക്ക് അതിക്രമിച്ചു കടന്ന് അവന്റെ നിയമങ്ങളും നിർമിതികളും നശിപ്പിക്കാൻ ശ്രമിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്ന പ്രശ്നമില്ലല്ലോ. ■